**പതിമൂന്നാം കേരള നിയമസഭ**
**മൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം: 28**

05.03.2012-ൽ മറുപടിയ്ക്ക്

## സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിൽ

**ചോദ്യം** — **ഉത്തരം**

ശ്രീ. എളമരം കരീം

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) എങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാന നവീകരണ സമിതി സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിൽ) രൂപീകരിക്കുവാൻ തീരുമാനിക്കുകയും സമിതി രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തു |
| (സി) കൗൺസിലിന്റെ ലക്ഷ്യവും പരിപാടികളും സംബന്ധിച്ച് വിശദമാക്കാമോ? | (സി) സമിതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്<br>1. സംസ്ഥാനത്ത് innovation (നവീകരണം) നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരിന് ആവശ്യമായ പിന്തുണ നല്കുക<br>2. യുവപ്രതിഭകൾ തദ്ദേശസർവ്വകലാശാലകൾ കോളേജുകൾ ഇടത്തരം ചെറുകിട വ്യവസായങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുക<br>3. സംസ്ഥാനത്ത് innovation-ന് (നവീകരണത്തിന്) ഉള്ള അവസരങ്ങൾ സംബന്ധിച്ച് രൂപരേഖയുണ്ടാക്കുക |

4. നവീകരണ മേഖലയിലെ പ്രതിഭകളെ കണ്ടെത്തുകയും അർഹമായ പ്രതിഫലം നൽകുകയും (അവരുടെ) വിജയകഥകൾ പ്രചരിപ്പിക്കുകയും ചെയ്യുക.

5. innovation സംബന്ധിച്ച സെമിനാറുകളും പ്രഭാഷണങ്ങളും ശിൽപശാലകളും സംഘടിപ്പിക്കുക.

6. ബോധവൽക്കരണം നൽകുന്നതിനായി state (innovation portal) സൃഷ്ടിക്കുക.

7. innovation eco system സൃഷ്ടിക്കുന്നതിന് സഹായിക്കുക.

8. വ്യവസായ സംരംഭകത്വം (സംരംഭകരെ) പ്രോത്സാഹിപ്പിക്കുന്നതിന് risk capital സംഘടിപ്പിക്കുക.

9. സംസ്ഥാനത്തിന്റെ അടുത്ത പത്തു വർഷത്തേയ്ക്കുള്ള വികസന രൂപരേഖ തയ്യാറാക്കുക.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പരിപാടികൾ സമിതി ആവിഷ്ക്കരിച്ച് സർക്കാരിന്റെ സഹായസഹകരണത്താൽ നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ